Santhigiri

ഗുരുവാണി

"കർമ്മംകൊണ്ട് പുണ്യം തേടി പുണ്യംകൊണ്ട് ഭാഗ്യം തേടണം.
ആ ഭാഗ്യം എല്ലാറ്റിന്റെയും അടിസ്ഥാനമാകും."

ഉമ്മിണിതങ്കം

VOL 03 | ISSUE 49 | 2017 നവംബർ 12 | 1193 തുലാം 27

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# 'കനൽവഴിയിലെ കാരുണ്യം' രണ്ടാം ഭാഗം പ്രസിദ്ധീകരണത്തിന് തയ്യാറാകുന്നു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം കുടുംബങ്ങളിലെ ആത്മബന്ധുക്കളുടെ അനുഭവക്കുറിപ്പുകൾ ഉൾപ്പെടുത്തിയ മഹത്ഗ്രന്ഥം 'കനൽവഴിയിലെ കാരുണ്യ'ത്തിന് രണ്ടാം ഭാഗം ഒരുങ്ങുന്നു. അടുത്തു തന്നെ പ്രസിദ്ധീകരണത്തിന് തയ്യാറാകുന്നവിധം തയ്യാറെടുപ്പുകൾ നടന്നു വരുന്നു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘമാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അനുഭവക്കുറിപ്പുകൾ നവംബർ 19 ന് മുമ്പായി എങ്കിലും ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ എത്തിക്കേണ്ടതാണ്. കനൽ വഴിയിലെ കാരുണ്യത്തിന്റെ ആദ്യ ഭാഗം 2015 ലാണ് പുറത്തിറങ്ങിയത്.

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അപാരമായ ഗുരുസാഗരത്തിലേക്കുള്ള തീർത്ഥാടനമാണ് കനൽവഴിയിലെ കാരുണ്യം എന്ന കൃതി. പ്രപഞ്ചജീവിതത്തിന്റെ സങ്കടങ്ങളും പ്രത്യാശയുമാണ് ഇതിൽ നിറയുന്നത്. ഗുരുവിന്റെ കാരുണ്യവും കരുതലും സംരക്ഷണവും ഇതിൽ തെളിയുന്നു. ഇതിലെ അനുഭവക്കുറിപ്പുകൾ നമ്മെ പഞ്ചേന്ദ്രിയങ്ങൾക്കപ്പുറമുള്ള അറിവിന്റെ മഹാസത്തയിലേക്ക് കൊണ്ടുപോകുന്നു. ജീവിതം വഴിമുട്ടിക്കുന്ന കൊടുംദാരിദ്ര്യത്തിന്റെ കരിനീലക്കയങ്ങളിൽ വീണുപോകുന്നവരെ അന്നവും പാർപ്പിടവും ജീവനോപാധിയും നല്കി ഗുരു പിടിച്ചെഴുന്നേൽപ്പിക്കുന്ന തേജോചിത്രങ്ങളും കൊടിയ നൈരാശ്യങ്ങളിൽ വഴിയടഞ്ഞ് മുന്നോട്ടുപോകാൻ കഴിയാത്തവർക്ക് പ്രത്യാശയുടെ വഴിത്താരകൾ തുറന്നുകൊടുക്കുന്നതും ഈ ഗ്രന്ഥത്തിൽ കാണാം. ആസുരമായ ജീവിതവൃത്തികളിലേർപ്പെട്ടവരെ അവയിൽ നിന്ന് വിടുവിച്ച് അവർക്ക് നന്മയുടെ ദീപശിഖ നല്കുന്നതും അഹന്തയുടെ അമാവാസി വന്ന് മൂടി ഈശ്വരസാന്നിധ്യം അറിയാതെ പോയവർക്ക് അപൂർവ്വാനുഭവങ്ങളിലൂടെ ഈശ്വരപ്രഭ പകരുന്നതും ദുർമൂർത്തികൾക്ക് രക്തവും മാംസവും നിവേദിച്ചിരുന്ന പ്രാകൃതമനസ്കരെ സനാതന ദൈവികത്വത്തിന്റെ വിളി കേൾപ്പിക്കുന്നതും അനപത്യതയുടെ നരകത്തിലാണ്ടവരെ പുത്രസുകൃതത്തിന്റെ സ്വർഗ്ഗത്തിലേക്കാനയിക്കുന്നതും ഭൗതികബദ്ധപ്പാടുകളിൽ സ്വയം തീറെഴുതിയവരെ ആത്മജ്ഞാനത്തിന്റെ പരമസ്വാതന്ത്ര്യം ബോധിപ്പിക്കുന്നതും നമ്മുടെ കൺമുന്നിൽ തെളിയുകയാണ്. ദൈവനിയോഗത്തെ മറികടക്കുമ്പോഴുണ്ടാകുന്ന അനിവാര്യദുരന്തങ്ങളെക്കുറിച്ച് ഗുരു മുന്നറിയിപ്പ് നല്കുന്നതും നമുക്ക് കാണാം.എന്നിട്ടും അശ്രദ്ധകൊണ്ടോ മറ്റോ യാതൊരു കരുതലുകളുമെടുക്കാത്തതിന്റെ പേരിലുള്ള ഏറ്റുപറച്ചിലുകൾ കേൾക്കാം. ഗാർഹസ്ഥ്യം എന്ന മഹാധർമ്മാനുഷ്ഠാനത്തെ ഗുരു ഊട്ടിയുറപ്പിക്കുന്നു.

ഗുരുസന്നിധി ഈശ്വരസന്നിധിയാണ്. അവിടെ ഉപാധികളോ ഉച്ചനീചത്വങ്ങളോ ഇല്ല. നിസ്വനും സമ്പന്നനും പാപിയും പുണ്യവാനും വിശ്വാസിയും അവിശ്വാസിയും യാഥാസ്ഥിതികനും ഉത്പതിഷ്ണുവും ശുദ്ധനും അശുദ്ധനും അഭയാർത്ഥികളായി അവിടമണയുന്നു. ഗുരു അവരുടെ ജീവനിൽ നിന്ന് ജന്മ ജന്മാന്തരങ്ങളായി അടിഞ്ഞുകൂടിയ ഭാരങ്ങളെ അഴിച്ചുമാറ്റി ശുദ്ധമാക്കുന്നു. പൂർവ്വജന്മങ്ങളിലേക്കും ഭാവിജന്മങ്ങളിലേക്കും തുറക്കുന്ന ആ ജ്ഞാനനേത്രങ്ങൾ എല്ലാം കാണുന്നു; അറിയുന്നു. ആ അറിവ് ലോകാനുരാഗമായി ജാതി മത,വർഗ്ഗ,വർണ്ണ,ദേശഭേദമില്ലാതെ കാരുണ്യമായി എല്ലാവരിലേക്കും ഒഴുകുകയാണ്.

## ആത്മബന്ധുക്കളുടെ അനുഭവങ്ങൾ സമാഹരിക്കുന്നു

**സ്പിരിച്വൽ സോൺ:** കേരളത്തിനകത്തും പുറത്തുമുള്ള ആത്മബന്ധുക്കളുടെ അനുഭവങ്ങൾ സമാഹരിച്ചുകൊണ്ട് കനൽവഴിയിലെ കാരുണ്യം തുടർ വോള്യങ്ങൾ പുറത്തിറക്കും. ഇതിനായുള്ള നടപടികൾ ആരംഭിച്ചു. ഗുരുവിന്റെ സമകാലീനരായിരുന്ന ആളുകളുടേത് ഉൾപ്പെടെയുള്ള അനുഭവങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനും വീഡിയോ ചിത്രീകരണം അടക്കം ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമുള്ള നടപടികളാണ് ഉദ്ദേശിക്കുന്നത്. പ്രാഥമിക പടിയായി ജില്ലകളിലുള്ള ആത്മബന്ധുക്കളുടെ അനുഭവക്കുറിപ്പുകൾ രേഖപ്പെടുത്തുന്നതിനുള്ള നടപടി തുടങ്ങുന്നത്.

# രാജന്റെ കുടുംബത്തിന് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കി ശാന്തിഗിരി ആശ്രമം

**തിരുവനന്തപുരം:** നിർധന കുടുംബത്തിന് തലചായ്ക്കാനൊരു വീടൊരുക്കി ശാന്തിഗിരി ആശ്രമം. അകാലത്തിൽ വിടപറഞ്ഞ വീഡിയോഗ്രാഫർ മണ്ണന്തല രാജന്റെ കുടുംബത്തിനാണ് ശാന്തിഗിരി ആശ്രമവും ഫോട്ടോഗ്രാഫർമാരുടെ സംഘടനയായ എ.കെ.പി.എ. തിരുവനന്തപുരം യൂണിറ്റും ചേർന്ന് ഒരു വീട് യാഥാർത്ഥ്യമാക്കിയത്. രണ്ടു വർഷം മുമ്പ് വാഹനാപകടത്തെ തുടർന്നുള്ള ചികിത്സയ്ക്കിടെ ഹൃദയാഘാതം മൂലമാണ് വീഡിയോഗ്രാഫർ രാജൻ മരിച്ചത്. സ്വന്തമായി ഒരു വീട് എന്ന സ്വപ്നം ബാക്കിവച്ചാണ് രാജൻ വിട പറഞ്ഞത്. രാജന്റെ വിധവ മണിയും ഏകമകൾ അഖിലയും അടച്ചുറപ്പില്ലാത്ത ഒരു വീടില്ലാതെ ബുദ്ധിമുട്ടുകയായിരുന്നു. ആയിടക്ക് നടന്ന ഫോട്ടോഗ്രാഫർമാരുടെ സംഘടനാ വാർഷിക സമ്മേളനത്തിന്റെ ഭാഗമായി നടന്ന അനുസ്മരണ പരിപാടിയിൽ പങ്കെടുത്ത സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുമായി രാജന്റെ കുടുംബം തങ്ങളുടെ ദു:ഖം പങ്കുവയ്ക്കുകയുണ്ടായി. രാജന്റെ ഭാര്യ മണിക്കും മകൾ അഖിലയ്ക്കും കിടന്നുറങ്ങാൻ അടച്ചുറപ്പുള്ള വീട് വേണ്ടതിന്റെ ആവശ്യകത മനസിലാക്കിയ ആശ്രമം, വീട് നിർമ്മിച്ചു നല്കാൻ തീരുമാനിക്കുകയായിരുന്നു.



'അഖിലഭവനം' വീടിന്റെ താക്കോൽദാനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിക്കുന്നു

മണ്ണന്തല വയമ്പാച്ചിറ കുളത്തിനു സമീപം രാജന്റെ അഞ്ചു സെന്റ് വസ്തുവിലാണ് പുതിയ ഭവനം യാഥാർത്ഥ്യമാക്കിയത്. നിർമാണ പ്രവർത്തനങ്ങൾ നടത്തിയത് ആർക്കിടെക്റ്റ് സബീർ തിരുമലയാണ്. എണ്ണൂറ് സ്ക്വയർ ഫീറ്റിൽ രണ്ടു ബെഡ് റൂം ഉൾപ്പെടെ ഏഴ് ലക്ഷം രൂപ ചെലവിലാണ് വീട് നിർമ്മിച്ചിരിക്കുന്നത്. 'അഖിലഭവനം' എന്ന വീടിന്റെ താക്കോൽദാനം നവംബർ 8 ന് എ.കെ.പി.എ.യുടെ പരിപാടിക്കിടെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി കൈമാറി. നാളെയാണ് (നവംബർ 13, തിങ്കളാഴ്ച) ഗൃഹപ്രവേശനം. തല



അഖിലഭവനം

ചായ്ക്കാൻ ഒരു വീടില്ലാതെ കഷ്ടപ്പെട്ട കുടുംബത്തിന് തണലേകാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. സമൂഹത്തിൽ നന്മയുടെ വെളിച്ചം തെളിക്കാൻ നമ്മളെക്കൊണ്ടാകുന്ന വിധത്തിൽ ഒരു ചെറിയ സഹായം ചെയ്യുകയായിരുന്നെന്നും സ്വാമി പറഞ്ഞു.

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ഇത്രയും അറിവുള്ള നിങ്ങളിത് എങ്ങനെ എടുക്കേവരാണെന്ന് നിങ്ങൾ ചിന്തിക്കണം. അറിവെന്നുള്ള ഭാഗത്ത് മനുഷ്യജീവിതത്തിന്റെ തെറ്റും ശരിയും ഒന്നുപോലെ ഏറ്റെടുക്കുന്ന ഒരു പരമ്പരാഗതമായ മാർഗമാണ്. ഇത് ലോകത്ത് ആദ്യമാണ്. അത് നിങ്ങൾക്ക് മാനിച്ചെടുക്കാനുള്ള ഒരറിവ് വേണ്ടേ? ആരും ഇതിന് തയ്യാറായി എടുക്കാനുള്ള ആളുകളില്ല. എന്റെ ശരീരം - ഇങ്ങനെ കിടന്നുകൊണ്ടും സംസാരിക്കുകയാണ്. നിങ്ങൾ ഓരോരുത്തരും എന്ത് ചെയ്യണം? ഇപ്പോൾ എന്റെ അടുത്ത് നിൽക്കുന്ന ഇവർ, ഓരോരുത്തരും തന്നെ, ഇവരിങ്ങനെയാണെങ്കിൽ പിന്നെ ഞാനെന്താ ചെയ്ക? ഓർമയായിട്ടത് മനസ്സിലാക്കി അതെങ്ങനെ വേണോ നിങ്ങളുടെ അറിവിനൊത്ത് മനസ്സിലാക്കി ചെയ്യണം. ഇത് പരമ്പരാഗതമായി നിങ്ങളുടെ ആർജിതകർമ്മായിട്ട് ലോകത്തിന് കിട്ടേണ്ടതാണ്. ഇതിങ്ങനെ മനസ്സിലാക്കി ചെയ്തോളണം. എനിക്കെന്ത് ചെയ്യാൻ കഴിയും? ഞാനൊരു ജാടയും നിങ്ങളുടെ അടുത്ത് കാണിക്കുന്നില്ല. നമ്മുടെ ആൺപിള്ളേർക്ക് ഇതെടുക്കാൻ കഴിവില്ലെങ്കിൽ അത് സ്ത്രീകളിൽക്കൂടി കിട്ടാനാണ്. സ്ത്രീകൾ ആ ആദിയിലുള്ള മാതാവിന്റെ ചിത്രത്തിൽ തികച്ചും ഉതകണം.

നമ്മളറിഞ്ഞല്ല എങ്കിലും ഇങ്ങനെ വരാനും ഇത് സത്യമാണെന്ന് മനസ്സിലാക്കാനും നമുക്ക് കഴിഞ്ഞു. ഇനി അതെന്ത് ചെയ്യണമെന്ന് നിങ്ങളാണ് ചിന്തിക്കേണ്ടത്. ഞാനല്ല. ഞാനിനി ഇതിനുവേണ്ടി നിങ്ങളോട് പറയാൻ പാടില്ലാത്തതാണ്. കാരണം നിങ്ങളീ കാണുന്നതു വച്ച് ഉലകത്തിന്റെ ഈ മറിമായങ്ങൾ മാറ്റിയെടുക്കണമെന്ന് വിചാരിക്കേണ്ടത് നിങ്ങളാണ്. അതിന് നമ്മുടെ അറിവുകേടിൽപെട്ട കാര്യങ്ങളൊക്കെ ചിന്തിച്ച് അതിന്റെ പുറകിലിരുന്ന് ദുഃഖിക്കേണ്ട കാര്യം വല്ലതുമുണ്ടോ?

നമ്മുടെ ജീവൻ ഇരുപത്തിയേഴു നക്ഷത്രങ്ങളിൽപെട്ട് ജനിച്ച ജീവനല്ലേ? ഒരു മൂന്നു രാശിക്കണക്കിൽ വരണം. മൂവൊൻപത് ഇരുപത്തിയേഴ്. ഇതിൽപ്പെട്ടവർ നമ്മൾ എത്രകോടി ജന്മങ്ങളായിട്ട് ബന്ധപ്പെട്ടവർ കാണും? ചീത്തയായവർ കാണും, കെട്ടവർ കാണും, സകലവിധത്തിലും ദ്രോഹിച്ചവർ കാണും. ഇവരെയൊക്കെ കാണുമ്പോൾ നമുക്ക് സ്നേഹവും ചീത്തയും നല്ലതുമൊക്കെ തോന്നും. ഇതാണിതിന്റെ കളി. ഒന്ന് ഇത്രയേ ഞാനിപ്പോൾ പറയുന്നുള്ളൂ.

ഇത് നിങ്ങളിൽക്കൂടി നിങ്ങളുടെ പരമ്പരയിൽക്കൂടി ഉലകത്തിന് കൊടുക്കുന്ന സംഭാവനയാണ്. ഇതിന് ഒരു മാതാവെന്നുള്ള നിലയിൽ ആ അമ്മ, മക്കൾ, ഇങ്ങനെ കിട്ടിക്കൊണ്ട് വരികയാണ്. ഇത് വേറെ എവിടെ നടക്കുന്നു? ഇതു കിട്ടിയാൽ നിങ്ങളത് സൂക്ഷിച്ച് മാന്യതപ്പെടുത്തി ഉലകത്തിനു കൂടി മാന്യത കൊടുത്ത് എടുപ്പിക്കേണ്ട കർമമാണ് നമ്മുടേത്. കണ്ടങ്ങ് കളയാനല്ല. കാഴ്ചബംഗ്ലാവിൽ പോയിട്ട് പോരുന്നത് പോലെയല്ല. ഇത് നമ്മുടെ ജീവിതംകൊണ്ട് നമ്മൾ തേടുകയാണ്. അല്ലാതെ നിങ്ങൾ സന്ന്യസിക്കാൻ പോകാനൊന്നുമല്ല പറയുന്നത്. സന്ന്യാസം വേറെ. സന്ന്യാസത്തിന് എത്രയോ മുകളിലുള്ള കാര്യമാണീ പറയുന്നത്. അല്ലാതെ സന്ന്യാസമല്ല. ലോകം മൊത്തം ദൈവം ആഗ്രഹിച്ച് വരുത്തുന്നതാണ്. അതാണ് പഠിക്കേണ്ടത്.

നമ്മുടെ പഴയ അമ്മമാരുണ്ടല്ലോ. ചന്തയിൽ പോകുന്നവർ. അവർ ഈ തെക്കൻ തിരുവിതാംകൂറിലേ ഉള്ളൂ. മീൻ വാങ്ങിയിടുന്ന കുട്ട കീറിയതാണെങ്കിൽ അതിനകത്ത് വേറെ ഒരു വട്ടിയെടുത്ത് തലയിൽ വച്ചുകൊണ്ട് പോകുന്നത് കണ്ടിട്ടുണ്ടോ? എന്നതുപോലെ നമ്മളറിയാതെ വന്നുപോയ അബദ്ധമാണ് ഇത്. നമുക്ക് ദൈവം കനിഞ്ഞുതന്നൊരു വക കളയരുത്. ഇതേ പറയാനുള്ളൂ. നിങ്ങളിവിടെ നിന്ന് ചെയ്തും ചെയ്യിപ്പിച്ചും നിങ്ങളുടെ ആ മഹിമ കലർന്ന വാക്കുകൊണ്ട് വരുന്നവരും പോകുന്നവരുമൊക്കെ നന്നാകണം. നമ്മുടെ ഇവിടെ വന്ന് ആരെല്ലാം പോകുന്നോ അവർക്കെല്ലാം ഒരു സമാധാനവും ശാന്തിയും ഉണ്ടാകണം.

## വചനദീപ്തി

"കർമബന്ധങ്ങളാകെയറ്റാത്മ
ധർമമാർഗമിയന്നിടാൻ
നിർമലാത്മസ്വരൂപമേ
കരുണാകര ഗുരോ പാഹിമാം"

ഗുരുസ്തുതി

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 നവംബർ 18 ശനി*

*ജനസേവികപുരം, പോത്തൻകോട്*

## യാമപ്രാർത്ഥന

*2017 നവംബർ 16 വ്യാഴം*

ശാന്തിപുരം, കരുണപുരം, ജനസേവികപുരം

**പ്രകാശപഥം**

# ഗുരുവിന്റെ സ്നേഹവാത്സല്യങ്ങൾ തുളുമ്പിനില്ക്കുന്ന അന്തരീക്ഷം

അന്തരീക്ഷം മുഖരിതമായ അല്ലെങ്കിൽ ഗുരുവിന്റെ സ്നേഹവാത്സല്യങ്ങൾ തുളുമ്പിനില്ക്കുന്ന അന്തരീക്ഷത്തിൽ നാമേവരും ഇരിക്കുമ്പോൾ നിങ്ങളെ, കൊച്ചുകുട്ടികളായ നിങ്ങളെ കാണുമ്പോൾ അനേകം പൂർവമധുരസ്മൃതികളാണ് എന്റെ മനസിലേക്ക് കടന്നുവരുന്നത്. ഇന്ന് ആശ്രമജീവിതം എന്തെന്നറിയാത്ത അല്ലെങ്കിൽ ഒരു സന്ന്യാസി എന്തെന്നറിയാത്ത മറ്റ് ജീവജാലങ്ങൾ എന്തെന്നറിയാത്ത ഓർമയെന്തെന്നറിയാത്ത നാളുകളിൽ ഗുരുവിനെ കാണുമ്പോൾ മുമ്പ് ഞാൻ എന്നും കണ്ടിരുന്ന തൂവെള്ള പ്രകാശമായ ആ തേജോരൂപം ബ്രഹ്മസങ്കല്പമായിരുന്നു എന്നു ഞാൻ ആരും പറയാതെ തിരിച്ചറിയുമ്പോൾ, വാത്സല്യനിധിയായ ഗുരു ആ രണ്ടുകൈകളും നീട്ടി എന്നെ തന്റെ കയ്യോടു ചേർത്തുവച്ച് തന്റെ മുഖം അമർത്തുകയായിരുന്നു. എന്തിന്, നിയോഗമായിരുന്നു ഗുരു എന്നെനിക്ക് അറിയില്ല. പിന്നീട് മനസിലാകുകയും പിറ്റേന്നു തന്നെ ഞാൻ ഗുരുവിനോടൊരു ചോദ്യം ചോദിക്കുകയും ചെയ്തു: ഗുരു, അങ്ങ് ആരെയും പൂജിക്കാത്തതെന്താണ്? എന്റെ നിഷ്കളങ്കമായ മനസിൽ ഞാൻ ചോദിക്കുകയാണ്. നിങ്ങളെപ്പോലെ കൊച്ചുകുട്ടിയായിരുന്ന സമയത്ത് ഗുരുവിനോട് ഞാൻ ചോദിച്ച ചോദ്യമാണ്. എനിക്ക് അറിവുണ്ടോ അറിവില്ലേ എന്നെനിക്കറിയാം. അങ്ങ് ആരെയാണ് പൂജിക്കുന്നത് എന്ന് ഞാൻ ഗുരുവിനോട് ചോദിക്കുകയാണ്. ഗുരു ശാന്തമായി, മൗനാനുബദ്ധമായി ഒന്നു ചിരിച്ചിട്ട് 'മോളത് അറിയും മോളത് കാണും' എന്നു പറഞ്ഞ് ഒരു ചിരിയിൽ സർവതും ലയിപ്പിച്ചു നിർത്തി.

പിന്നീട് ഞാൻ കാണുന്ന കാഴ്ച അതിതേജോമയവും അതിസുന്ദരവുമായ തുളുമ്പി നില്ക്കുന്ന ഈ അന്തരീക്ഷത്തിൽ പ്രകൃതിയുടെ നിതാന്ത നിശബ്ദതയിൽ ഒതുങ്ങിനില്ക്കുന്ന സർവതും നാം കാണുന്നതെന്തും ഗുരുപരമായി കാണുന്നു. അങ്ങനെയങ്ങനെ ഞാൻ നോക്കി നോക്കി നില്ക്കുമ്പോൾ ഗുരുവിന്റെ അനേകം ഭാവനകളും ഗുരുവിന്റെ ജന്മാന്തരങ്ങളും ഗുരു ഈ ഭൂലോകത്ത് ജീവിച്ചതെന്തിനാണെന്നും ഇനി വരാൻ പോകുന്നതും കഴിഞ്ഞതും ഇനി വരേണ്ടതും ഇപ്പോൾ നടക്കുന്നതുമായ രംഗങ്ങൾ കൊച്ചുകുട്ടിയായ എന്റെ മുമ്പിൽ ഓടിവന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)



# എല്ലാവരിലും എല്ലാമായി നില്ക്കുന്ന ഗുരു

ബ്രഹ്മനിശ്ചയത്തിന്റെ ചിരസ്ഥായിയായ കരുതലാണു ഗുരു. ഗുരു ജനിച്ച് ജീവിച്ച് പ്രവർത്തിച്ച് നവഗലിയായി പ്രശോഭിച്ചു നില്ക്കുന്ന ഈ നാട് ബ്രഹ്മത്തിന്റെ കല്പിതഭാവനയാൽ അനുഗ്രഹീതമാണ്. ഇവിടെ ജീവിക്കുന്ന ഓരോ മനുഷ്യനും കുടുംബത്തിനും ശാന്തി അനുഭവിച്ചറിയാൻ കഴിയും. ഓരോ മക്കൾക്കും ചന്ദിരൂരിൽ നിന്നാരംഭിച്ച ഗുരുവിന്റെ നവവിമോചന പ്രകാശത്തിൽ പങ്കാളികളാകാൻ കഴിയും.

ഗുരു ചരാചരങ്ങളുടെ ജീവന്റെ അധിപനാകുന്നു. ലോകത്തിന്റെ ഭാഗ്യസ്രഷ്ടാവാകുന്നു. സമസ്ത സൃഷ്ടികളുടെയും ഭാഗധേയത്തിനായി ഗുരു എല്ലാം ചെയ്യുന്നു. ചരാചരങ്ങളുടെ ആത്യന്തിക രക്ഷ ഗുരുവിന്റെ ഹസ്തങ്ങളിലാകുന്നു. മാനവരാശിക്കുവേണ്ട ജ്ഞാനത്തിന്റെ അനന്തഭാവങ്ങളും ജീവിതസമ്പൂർത്തിയും ജീവന്റെ സമൂർത്തതയും ഗുരുവിന്റെ കനിമാവിൽ നിക്ഷിപ്തമായിരിക്കുന്നു. ജ്ഞാനസ്നേഹാഭ്യുന്നതങ്ങൾ ഗുരുവിൽ സംഗമിക്കുന്നു.

സ്നേഹവും ഭക്തിയും നിറഞ്ഞ മനസ്സോടെ ഗുരുവിനെ പ്രാർത്ഥിക്കുമ്പോൾ പരിസ്ഫുരിക്കുന്നത് ഗുരുവിന്റെ അനന്യസദൃശമായ ഭാവങ്ങളാണ്. പുണ്യഭാഗ്യങ്ങളുടെ പൂർണ്ണതയായ ഗുരു സമസ്ത പ്രപഞ്ചത്തിന്റെയും ഏറ്റവും മഹനീയമായ പ്രകാശപുഷ്കലതയാണ്. സനാതനധർമ്മത്തിന്റെ മൂല്യസങ്കല്പങ്ങൾ ഗുരുവിൽ സമുച്ചയിക്കുന്നു. കോടാനുകോടി ത്യാഗപഥങ്ങളിലൂടെ ഗുരു സമാർജ്ജിച്ച സുകൃതം എല്ലാവർക്കും നന്മയും സുഖവും ഉണ്ടാകാനും എല്ലാവർക്കും എല്ലാം കിട്ടാനുംവേണ്ടി ഗുരു പങ്കുവച്ചു. അങ്ങനെ ഗുരു ത്യാഗികളിൽ ത്യാഗിയും സ്നേഹത്തിൽ സ്നേഹാതിരേകവുമായി.

പ്രപഞ്ചം നിറയുന്ന ബ്രഹ്മസാരമാണു ഗുരു. ഗുരുവിന്റെ പ്രകാശധോരണിയിൽ പരമേശ്വരസങ്കല്പം യാഥാർത്ഥ്യമാകുന്നു. അപാരതകളിൽ സഞ്ചലിതമാകുന്ന ഗുരുവിന്റെ ആ വിസ്മയ പ്രകാശത്തിൽ സകല പാപവിമോചനകർമ്മം നിർവഹിക്കപ്പെടുന്നു.

ജീവന്റെ ആദ്യസ്ഫുരണം ഉണ്ടായ കാലം മുതൽ ആത്മജ്ഞാനികളായ ഋഷീശ്വരന്മാർ ഏതോ അപ്രാപ്യതലങ്ങളിൽ സ്ഥിതിചെയ്തിരുന്ന ഈ പൊരുളിനെ തേടുകയായിരുന്നു. ആ അന്വേഷണങ്ങളെല്ലാം പൊരുളിന്റെ പ്രാന്തതലങ്ങൾക്കപ്പുറം കടന്നുപോവുകയുണ്ടായില്ല. അതുകൊണ്ട് പൊരുളിനെക്കുറിച്ചുള്ള ജ്ഞാനം വിദ്വാന്മാരുടെ നിഗമനങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. ഗുരുവിന്റെ ശിഷ്യസമ്പത്തിന് ഗുരുലഘുത്വമാർന്ന കനിമാവിൽ പരംപൊരുൾ തെളിഞ്ഞു പ്രകാശിച്ചു.

കാലത്തിന്റെയും കാലാതീതപൊരുളിന്റെയും നിയന്താവായ ഗുരുഭാവം മനുഷ്യബുദ്ധിക്കും ചിന്തയ്ക്കും ശാസ്ത്ര നിഗമനങ്ങൾക്കും അപ്രാപ്യമായി നിർവചനാതീതനായി നിലകൊള്ളുന്നു.

"ഞാൻ നിങ്ങളിൽ എല്ലാവരിലും എല്ലാമായി നില്ക്കുന്നു" ഗുരുവിന്റെ ആ നിർമലസ്നേഹം മനസിലാകണമെങ്കിൽ ഗുരു എന്റേതാണ്, ഞാൻ ഗുരുവിന്റേതാണ് എന്ന തീരുമാനം ദൃഢമായി ഹൃദയത്തിൽ ഉറയ്ക്കണം. ജീവിതവഴിയിൽ ഗുരു എപ്പോഴും കൂടെയുണ്ടാകും എന്ന സത്യം ഒരിക്കലും വിസ്മരിക്കരുത്. ആ തീരുമാനം ഉള്ളിൽ ഉറപ്പിച്ചുകൊണ്ട് ജീവിച്ചുപോകുന്ന ഏതൊരാൾക്കും ജീവിതത്തിന്റെ ശുദ്ധമായ ഗതിയെ പ്രാപിക്കാൻ കഴിയും. അവസാനം കൂടെ വരാൻ ആരുമില്ലാത്തപ്പോൾ കൂടെ വരുന്നത് നവജ്യോതിസ്വരൂപനായ ഗുരു മാത്രം.

# സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നവംബർ 15 വരെ മാത്രം



**തിരുവനന്തപുരം:** കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന സൗജന്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാൻ നവംബർ 15 വരെ അവസരം. അക്ഷയകേന്ദ്രങ്ങൾ വഴി സൗജന്യമായിട്ടാണ് രജിസ്ട്രേഷൻ. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്) എന്ന പേരിലാണ് നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് ഏജൻസി, കേരള (ചിയാക്) മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 36 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗമായിട്ടുണ്ട്.

ഒരു കുടുംബത്തിലെ അഞ്ച് പേർക്കാണ് പദ്ധതിപ്രകാരം ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്. കുടുംബത്തിന് പ്രതിവർഷം 30,000 രൂപയുടെ സൗജന്യ ചികിത്സ ലഭിക്കുന്നതിനു പുറമെ 60 വയസിന് മുകളിൽ പ്രായമുള്ള ഓരോ മുതിർന്ന വ്യക്തിക്കും അധിക ചികിത്സാ ആനുകൂല്യവും ലഭിക്കും. കൂടാതെ ഹൃദയം, വൃക്ക, കരൾ, തലച്ചോറ് എന്നിവയെ ബാധിക്കുന്ന രോഗങ്ങൾക്കും കാൻസർ, അപകടം മൂലമുണ്ടാകുന്ന ട്രോമാ കെയർ എന്നിവയ്ക്കും 70,000 രൂപയുടെ സൗജന്യ ചികിത്സ ഗവ. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പ്രമുഖ ആശുപത്രികളിൽ നല്കിവരുന്നുണ്ട്. എ.ഐ.ഐ. വിഭാഗം, മുൻഗണനാ വിഭാഗം (പിങ്ക് നിറമുള്ള റേഷൻ കാർഡ്) ഇവയിലുൾപ്പെട്ട എല്ലാവരും പദ്ധതിയിൽ ചേരാൻ അർഹരാണ്.



*സാംസ്കാരികദിനത്തിൽ നടന്ന ധ്വജാരോഹണ ചടങ്ങ്*

## ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പൊതുയോഗം നവംബർ 5 ന് റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയുടെയും ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെയും മഹനീയ സാന്നിദ്ധ്യത്തിൽ രാവിലെ 7.45 ന് പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രാജീവ് എസ്. ഗുരുവാണി വായിച്ചു. പ്രമോദ് എം.പി. സ്വാഗതം ആശംസിച്ചു. തുടർന്ന് സംസാരിച്ച സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ഭക്തിയുടെ വശം സുകൃതവിശേഷമാണെന്നും അതിൽ നിസാരത്വം വന്നാൽ പലവിധ ഭവിഷത്തുകൾക്കും ഇടയാക്കുമെന്നും ചൂണ്ടിക്കാട്ടി. ഗുരുവിന്റെ പങ്കിന്റെ മഹത്വം, പങ്ക് ആശ്രമത്തിന് പുറത്തു കൊണ്ടുപോകരുതെന്ന് പറയുന്നതിന്റെ കാരണം, ഒരു ഭക്തൻ എങ്ങനെയായിരിക്കണം, ഭക്തന്റെ പ്രാർത്ഥന കൊണ്ട് സംഭവിക്കുന്നതെന്ത് എന്നീ വിഷയങ്ങളെക്കുറിച്ചും ആദരണീയ ഗുരുസവിധ് സ്വാമി സംസാരിച്ചു.

ഗൃഹസ്ഥജീവിതത്തിൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ ആശയാധിഷ്ഠിതമായി പുലർത്തുന്നതെങ്ങനെയെന്നും ആശ്രമോദ്ദേശ്യം ജീവിതത്തിൽ പാലിക്കുന്നതെങ്ങനെയും കുട്ടികളെ ചിട്ടയായും ഗുരുനിർദ്ദേശത്തിലധിഷ്ഠിതമായും വളർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചും ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. 9.15 ന് യോഗം ഗുരുപാദങ്ങളിൽ സമർപ്പിച്ചു.




*'ഹരിതകേരളം' പദ്ധതിയിലെ പ്ലാസ്റ്റിക് പാഴ്‌വസ്തു ശേഖരണ പരിപാടി*

## വിദ്യാർത്ഥികൾ ശേഖരിച്ച പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ റീസൈക്ലിംഗ് യൂണിറ്റിന് കൈമാറി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ 'ഹരിത കേരളം' പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ റീസൈക്ലിംഗ് യൂണിറ്റിന് കൈമാറി. കെ.ജി. മുതൽ 12 ാം ക്ലാസ്സുവരെയുള്ള കുട്ടികൾ ഈ പദ്ധതിയിൽ പങ്കാളികളായി. കുട്ടികൾ പല സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്ററിക് പാഴ്‌വസ്തുക്കൾ കഴുകി ഉണക്കിയാണ് സ്കൂളിൽ ഏൽപ്പിച്ചത്. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, പ്രിൻസിപ്പൽ ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ഇൻചാർജ് ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, വാർഡ് മെമ്പർ സഹീറത്ത് ബീവി, പ്രമോദ് എം.പി. തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

'റെഡ്യൂസ്, റീയൂസ്, റീസൈക്കിൾ' എന്നീ മാർഗ്ഗങ്ങളിലൂടെ പ്ലാസ്റ്റിക് ഉപയോഗിക്കുകയാണ് വേണ്ടതെന്ന് ചടങ്ങിൽ സംസാരിച്ച ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി പറഞ്ഞു. ഈ അവബോധം കുട്ടികളിലൂടെ സമൂഹത്തിന് പകരണമെന്നും സ്വാമി പറഞ്ഞു. സ്കൂൾ പരിസ്ഥിതി ക്ലബ് അംഗങ്ങളായ ഷൈജു കെ. മാലൂർ, ബിന്ദു നന്ദന, പ്രദീപ് വി. എസ്., ശിവലാൽ എസ് തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് സ്കൂളിൽ കഴിഞ്ഞ മാസം നടന്ന ഈ പദ്ധതിയുടെ ഉദ്ഘാടനം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയാണ് നിർവ്വഹിച്ചത്. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ശില്പി പ്രശാന്ത് ചെറുതാഴത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ശംഖുമുഖത്ത് 'പ്ലാസ്റ്റിക് യക്ഷി' എന്ന മണൽശില്പം വിദ്യാർത്ഥികൾ നിർമ്മിച്ചിരുന്നു. അത് വളരെയധികം മാധ്യമ ശ്രദ്ധയും നേടുകയുമുണ്ടായി.



*ബാംഗളൂരിൽ നടന്ന ചിത്രപ്രദർശനത്തിൽ ഷൈജു കെ. മാലൂർ വരച്ച 'നാറാണത്ത് ഭ്രാന്തൻ' എന്ന ചിത്രത്തിനു സമീപം കവി വി. മധുസൂദനൻ നായർ*



*ശാന്തിഗിരി ആശ്രമം അണ്ടാർകൊട്ടാരം ബ്രാഞ്ചിലെ (മധുര) കപ്പലണ്ടി കൃഷിയിടത്തിൽ നടന്ന വിളവെടുപ്പ്*

## യൂണിറ്റ് പ്രാർത്ഥന

**സ്പിരിച്വൽ സോൺ:** നവംബർ നാലിന് നടന്ന യൂണിറ്റ് പ്രാർത്ഥനയിൽ ലക്ഷ്മിപുരം യൂണിറ്റിൽ സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വിയും രത്നഗിരി യൂണിറ്റിൽ ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റിൽ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയും പങ്കെടുത്തു.

## എച്ച്.ആർ. വാർത്തകൾ

കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിലെ കോഡിനേറ്റിംഗ് എഡിറ്റർ (ശാന്തിഗിരി പബ്ലിക്കേഷൻസ്) മുകുന്ദൻ പി.ആർ.-നെ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനിൽ സീനിയർ കോഡിനേറ്റിംഗ് എഡിറ്റർ (സോഷ്യൽ റിസർച്ച്) ആയി നിയമിച്ചു.

# ജാതീയമായ ധ്രുവീകരണം നാടിനാപത്ത്: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**തിരുവനന്തപുരം :** ജാതീയമായ ധ്രുവീകരണം നാടിനാപത്തെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. നവംബർ 8 ന് വൈ.എം.സി.എ ഹാളിൽ നടന്ന ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തിരുവനന്തപുരം മേഖലയുടെ 33 ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സ്വാമി. സംഘടനകളിൽ ജാതിയുടെയോ രാഷ്ട്രീയത്തിന്റെയോ അതിപ്രസരമുണ്ടാവരുത്. ഭാരവാഹികളിലും പ്രവർത്തകരിലും രാഷ്ട്രീയത്തിനു അതീതമായ കൂട്ടായ്മ ഉണ്ടാകണം. സംഘടനകളൂടെ ജീവകാരുണ്യപ്രവർത്തനങ്ങൾ പരസ്യത്തിന്റെ കോലാഹലങ്ങളിൽ പെടരുത്. കോടികൾ മുടക്കി ആഡംബര വിവാഹങ്ങൾ നടത്തുന്ന ആധുനിക കാലഘട്ടത്തിൽ സമൂഹവിവാഹങ്ങൾ ജീവകാരുണ്യത്തിന്റെ പരസ്യമായി മാറരുത്. ഇല്ലായ്മയുടെ കുറവ് പരസ്യപ്പെടുത്തരുതെന്നും അശരണർക്ക് വീണ്ടും ദൈന്യതയുടെ മുഖാവരണം നൽകരുതെന്നും സ്വാമി കൂട്ടിച്ചേർത്തു. അന്തരിച്ച വീഡിയോഗ്രാഫർ മണ്ണന്തല രാജന്റെ കുടുംബത്തിനു ഏഴ് ലക്ഷം രൂപ ചെലവിൽ ശാന്തിഗിരി ആശ്രമം നിർമ്മിച്ച് നൽകിയ വീടിന്റെ താക്കോൽ ദാനവും സ്വാമി നിർവഹിച്ചു. മികച്ച ഫോട്ടോഗ്രാഫർക്കുള്ള പുരസ്കാരം മലയാള മനോരമ ഫോട്ടോഗ്രാഫർ റിങ്കുരാജ് മട്ടാഞ്ചേരിക്ക് നൽകി. മുതിർന്ന ഫോട്ടോഗ്രാഫർമാരെ ചടങ്ങിൽ ആദരിച്ചു. ചികിത്സാ സഹായ ഫണ്ട് വിതരണം സിന്ദൂരം ചാരിറ്റീസ് ചെയർമാൻ സബീർ തിരുമല നിർവഹിച്ചു. വയലാർ സാസ്കാതികവേദി സെക്രട്ടറി മണക്കാട് രാമചന്ദ്രൻ വിദ്യാഭ്യാസ അവാർഡ് വിതരണം ചെയ്തു.

എ.കെ.പി.എ മേഖല പ്രസിഡന്റ് വിജയൻ മണക്കാട് അധ്യക്ഷത വഹിച്ച ചടങ്ങിൽ പാരമൗണ്ട് സുരേഷ്, ഹരി തിരുമല, ഹേമചന്ദ്രനാഥ്, വിജയപ്രകാശൻ പിള്ള, അനിൽ മണക്കാട്, സതീഷ് കവടിയാർ, കുമാർ വിബ്ജിയോർ, സജി വർണ്ണ, എം.എ.ഹസൻ, രാജശേഖരൻ, അഡ്വ.സതീഷ് വസന്ത്, മോഹനൻ നായർ, സാബു സീലി, കോശി സത്യൻ, ഉണ്ണികൃഷ്ണൻ നായർ, ആർ.വി.മധു, സുനിൽ, രാമചന്ദ്രൻ, ശിവരാജൻ, ഡി.സുന്ദരരാജ്, എസ്.എസ്. രാജേഷ് മിത്ര, വൈനാ മണി, സജാദ്, ജി.വിവേകാനന്ദൻ, ജയകുമാർ, എം.എസ്.പ്രതാപചന്ദ്രൻ, ബാബു മലയിൻകീഴ്, ശ്രീജിത്ത് കുമാർ എന്നിവർ പ്രസംഗിച്ചു. മേഖല സെക്രട്ടറി വി. ശിവദാസൻ സ്വാഗതവും വൈസ് പ്രസിഡന്റ് വിജയസാരഥി കൃതജ്ഞതയും പറഞ്ഞു. അഞ്ഞൂറിലധികം പ്രവർത്തകർ ചടങ്ങിൽ സംബന്ധിച്ചു.



സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ആശ്രമപരിസരത്ത് നടന്ന ശുചീകരണകർമത്തിൽ നിന്ന്

## ശാന്തിഗിരി വിദ്യാഭവിൽ 'അക്ഷരദീപം' വായനക്കൂട്ടം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ‘അക്ഷരദീപം വായനക്കൂട്ടം’ എന്ന പേരിൽ സർഗാത്മക ഗ്രൂപ്പുകൾ രൂപീകരിച്ചു. വിദ്യാർത്ഥികളുടെ സ്വയംപഠനശേഷിയും വായനാശീലവും നേതൃപാടവശേഷിയും വ്യക്തിത്വവികാസവും മത്സരപ്പരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസവും വളർത്താനും നല്ല മാനവിക ബോധമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാനും ലക്ഷ്യമിട്ടുള്ളതാണ് ഈ വായനക്കൂട്ടം. മാസത്തിൽ മൂന്നു തവണ വായനക്കൂട്ടത്തിന്റെ കൂട്ടായ്മ ഉണ്ടായിരിക്കും. ഒരു മാസത്തിനിടയ്ക്ക് വായിച്ച പുസ്തകങ്ങളെക്കുറിച്ചും പത്രവാർത്തകളെക്കുറിച്ചും സമൂഹനന്മയ്ക്കായി കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള നൂതന ആശയങ്ങളും വായനക്കൂട്ടത്തിൽ ചർച്ച ചെയ്യും. വായനയുടെ പ്രാധാന്യം കേവലം വായനാദിന പരിപാടികളിൽ ഒതുങ്ങാതെ സ്ഥിരമായ വായനാശീലത്തിലേക്കും ചിന്താശീലത്തിലേക്കും കുട്ടികളെ നയിക്കാൻ ഈ വായനാക്കൂട്ടം പ്രയോജനപ്രദമാകും.



ശാന്തിഗിരി വിദ്യാഭവനിൽ രൂപീകരിച്ച ‘അക്ഷരീദീപം’ വായനക്കൂട്ടം



സംസ്ഥാനതല ‘സ്പെല്ലിംഗ് ബീ’ കോംപറ്റീഷനിൽ മൂന്നാം സ്ഥാനം നേടിയ ജി.നല്ലചിത്തൻ. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ്.

## ശാന്തിഗിരി ഷോപ്പിംഗ് മാളിൽ പുതിയ ഉല്പന്നങ്ങൾ

**റിസർച്ച് സോൺ:** ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വൈവിധ്യമാർന്ന പുതിയ ഉല്പന്നങ്ങളുടെ വിപുലമായ ശേഖരം വിപണനത്തിനെത്തി. വിവിധ പതഞ്ജലി ഉല്പന്നങ്ങളുടെയും ആശ്രമം കയർ ഉല്പന്നങ്ങളായ മാറ്റുകൾ ചവിട്ടികൾ തുടങ്ങിയവയും പാർക്കർ പേനകളുടെ വിപുലമായ ശേഖരവുമാണ് പുതിയതായി എത്തിയിരിക്കുന്നത്.

കൂടാതെ എല്ലാത്തരം നിത്യോപയോഗ സാധനങ്ങളും ശാന്തിഗിരി ഷോപ്പിംഗ് മാളിൽ വില്പനയ്ക്കുണ്ട്.

## അറിയിപ്പ്

2017 നവംബർ 21 മുതൽ ആശ്രമം ഗേറ്റ് നമ്പർ –2 ലും ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ് സർവീസസിലും നിന്നു രാവിലെ 7 മണിക്കും വൈകിട്ട് 5.30 നും പാൽ വിതരണം ചെയ്യുന്നതാണ്. ആവശ്യമുള്ളവർക്ക് നവംബർ 11 മുതൽ ശാന്തിഗിരി ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ പണമടച്ച് കൂപ്പൺ കൈപ്പറ്റാവുന്നതാണ്.

## വിവാഹിതരായി



കോട്ടയം പാല അന്തീനാട് തലച്ചിറ റ്റി.യു. മനോഹരന്റെ മകൻ നിബുവും വൈക്കം വല്ലകം ചെറുമനയിൽ സി.കെ. പത്മേക്ഷണന്റെ മകൾ അഞ്ജുവും ശാന്തിഗിരി ആശ്രമം വൈക്കം പ്രാർത്ഥനാ കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 30 ന് വിവാഹിതരായി.



നവംബർ 6 ന് വിദ്യാരംഭം കുറിച്ച കുരുന്നുകൾ ആശ്രമാങ്കണത്തിൽ

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala